CHURCH WEEKLY



May 2020

An Ecumenical Publication from

THE ALWAYE FELLOWSHIP HOUSE

Church Weekly



Vol. 74
Issue 5
May 2020



Sri K.C. Chacko
Founder of the Church Weekly (1946)

An Ecumenical Publication from
THE ALWAYE FELLOWSHIP HOUSE

74th Year of Publication
FOUNDER CHIEF EDITOR : Sri. N.M. ABRAHAM
First Published : December 1946

CHURCH WEEKLY
C/o The Alwaye Fellowship House
Union Christian College P.O.
Alwaye - 683 102,
Kerala, South India.
Ph : 0484-2605630, 2606986

E-mail : churchweeklyafh@gmail.com
fellowshiphse@gmail.com
Chief Editor : mgk.afh@gmail.com
Website
www.alwayefellowshiphouse.com

SUBSCRIPTION RATES

	Inside India	
Single Issue	₹ 10.00	
Annual	₹ 100.00	
10 years	₹ 900.00	
Life (Patron)	₹ 10000.00	
	Outside India	
Annual	₹ 600.00	or 10 USD
10 years	₹ 6000.00	or 100 USD
Life (Patron)	₹ 60000.00	or 1000 USD


- *Articles, Advertisements and Letters may be sent to the Chief Editor. Photos and matrimonial requests are also welcome. (Full page Rs.1000, Half page Rs.500)*
- *All correspondence regarding subscription enquiries may be sent to the Circulation Manager.*

Read... Subscribe... Recommend...

മഹദ്‌വചനം

Every child comes with the message that God is not yet discouraged of man.

Rabindranath Tagore
Born : May 7, 1861
Died : August 7, 1941



ഈ ലക്കത്തിൽ

70 years ago

Fr. Laurence S. Jackson

From the Church Weekly dated May 28, 1950.

The Ascension of Our Lord

The observance of the Feast of our Lord's Ascension into heaven ranks with that of Christmas, Easter and Pentecost. On the day of the Pentecost, we celebrate the outpouring of the Paraclete upon the infant Church, which had assembled in the Upper Room, fifty days after the Resurrection of Jesus Christ. That was the birthday of the Universal Church, and it was when the spirit came that it began to fulfil the Ascension Command of proclaiming ''God's Spell'' (the Good News) to the nations of the world.

But that would not have been possible if God the Son had remained upon earth in a human body, (even in a glorified form). It was necessary that the Christ should withdraw His bodily presence entirely from the world of men that His Spirit might be shed abroad throughout the universe.

So the Master bade His disciples and their friends goodbye, ascended into heaven, and sat down on the right hand of the Father- His rightful place of authority in the celestial kingdom.

Christ Himself had told His friends, it was expedient for them that He should go away, for otherwise the comforter would not come to them and the comforter was to lead them into all the truth. Also He told them that the purpose of Ascension was that He might prepare places for His followers among the many mansions of His heavenly Father that they might be with Him forever.

This is human language, and the meaning which underlies this earthly speech, far surpasses any human imagining.

Still we can see what the Lord meant. In His earthly relationships with humanity, He had been able to only contact a few people at a time. His work was limited to Palestine and its environs. But, as He Himself stated when He made His final appearance to His apostles, His Gospel was for ''all the world.'' A human personality can only approach another individual from outside, but the spiritual personality of the Comforter was actually to possess the beings of men from within and use the personalities of men from everywhere for the propagation of the Gospel to the world.

We cannot understand the meaning of the Ascension of Our Lord, unless we link it with the outpouring of the Divine Spirit.

''I will not leave you comfortless. I will send to you the MOST STRONG ONE, who will guide you into all the truth,'' so spoke our Redeemer. However, when Jesus ''ascended up on high'' what did He take back to heaven? He took our human nature so that a God-man is King of Heaven. Thus the Festival of Ascension is The Lord's Coronation Day. Christ reigns as King of Heaven and Heaven where our Father dwells, is our home, for our King is there preparing a place for us. But none of us can by ourselves become worthy of our heavenly home. It is only when we take refuge in the sacred heart of Jesus our Lord, that our Father can behold in us the saints He desires us to become.

Jesus is not only our King, but he is also our High Priest, for the kingdom which He founded is also an ''Ecclesia'', an assembly of men and women and children. The Church came first and the members of it afterwards. It took its origin in the will of our Lord Jesus Christ, not in that of any man.

Jesus Christ, then, our Ascended Lord, founded His Church. He has promised that it will last until He come again, and the gates of hell shall not prevail against her. Amen. ◎

മുഖമൊഴി

ദുഃഖവെള്ളിയ്ക്കുശേഷം ഉയിർത്തെഴുന്നേൽപ്പും സ്വർഗ്ഗാരോഹണവും

യേശുക്രിസ്തുവിന്റെ കുരിശുമരണത്തിനുശേഷം മൂന്നാം നാൾ ഉയിർപ്പും അതിന്റെ നാൽപതാം ദിവസം സ്വർഗ്ഗാരോഹണവും നാം ആചരിക്കുന്നു. ഇതു നമ്മുടെ അടിസ്ഥാനവിശ്വാസമാണ്: യേശു ഇന്നും ജീവിക്കുന്നുവെന്നും താൻ വീണ്ടും വരുമെന്നുമുള്ള വിശ്വാസത്തിന് അടിവരയിടുന്ന സംഭവങ്ങൾ! "നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും" എന്ന് സ്വർഗ്ഗാരോഹണത്തിനു സാക്ഷികളായി ആകാശത്തേക്കു നോക്കിനിന്ന ശിഷ്യന്മാരോട് വെള്ള വസ്ത്രം ധരിച്ച രണ്ടു പേർ പറഞ്ഞതായാണ് വി. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് (അപ്പൊ. പ്ര. 1:11).

ദുഃഖവെള്ളിയാഴ്ച, ഉയിർപ്പ്, സ്വർഗ്ഗാരോഹണം, പെന്തിക്കോസ്തി എന്നിവ സാധാരണ ദൈവാലയപശ്ചാത്തലത്തിലാണ് നാം ആചരിക്കുന്നത്. ഇവ ഒറ്റപ്പെട്ട സംഭവങ്ങളല്ല; പരസ്പരപൂരകങ്ങളാണ്. അതേ സമയം, അവയ്ക്ക് നമ്മുടെ സഭാജീവിതത്തിൽ മാത്രമല്ല, വ്യക്തിജീവിതത്തിലും ശക്തമായ സ്വാധീനമുണ്ട്. പക്ഷേ, അത് നാം ഈ സംഭവങ്ങളെ എങ്ങനെ ഉൾക്കൊള്ളുന്നു എന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്.

നമ്മുടെ ജന്മദിനവും വിവാഹവാർഷികവും പോലെ യേശുക്രിസ്തുവിന്റെ ജീവിതത്തിലെ ചില നാഴികക്കല്ലുകൾ എന്ന നിലയിലാണ് ചിലർ ഇതൊക്കെ ആഘോഷിക്കുന്നത്. ഏറ്റവും അധികം ജനങ്ങൾ ആരാധനയ്ക്കായെത്തുന്ന ദുഃഖവെള്ളിയാഴ്ച, നോമ്പുവീടലിന്റെ ആനന്ദത്തിൽ ആഘോഷിക്കപ്പെടുന്ന ഉയിർപ്പുപെരുന്നാൾ, അധികമാരുമറിയാതെ കടന്നുപോകുന്ന സ്വർഗ്ഗാരോഹണം, ഉയിർപ്പിനുശേഷം അമ്പതാംനാൾ വരുന്ന പെന്തിക്കൊസ്തി - ഈ വർഷം ഇതെല്ലാം നമ്മുടെ ജീവിതത്തിലാദ്യമായി വ്യത്യസ്തമായ അനുഭവമാണ് നൽകിയത്! കൊറോണാ ഭീതിമൂലം നമുക്ക് ദൈവാലയത്തിൽ പോകാൻ കഴിഞ്ഞില്ല... പക്ഷേ, ശാസ്ത്രപുരോഗതിക്കു നന്ദി പറഞ്ഞുകൊണ്ട് നമ്മിൽ അനേകർ വീട്ടിലിരുന്ന് 'ഓൺലൈൻ' ആരാധനകളിൽ പങ്കെടുത്തു. മനസ്സു നിറഞ്ഞിട്ടുണ്ടാകാമെങ്കിലും ദൈവാലയങ്ങളിൽ എല്ലാവരും ഒരുമിച്ചുകൂടി ആരാധന നടത്തുന്നതിന്റെ ശക്തിയും സംതൃപ്തിയും ലഭിച്ചോ എന്ന് സംശയമുണ്ട്. എങ്കിലും ആരാധനയുടെ പരസ്യപ്രകടനങ്ങളിൽ നിന്നകന്ന്, "രഹസ്യത്തിലുള്ള പിതാവിനോടു പ്രാർത്ഥിച്ചു" എന്ന് ആശ്വസിക്കാം.

പൗലോസ് ശ്ലീഹായുടെ ഭാഷയിൽ പറഞ്ഞാൽ, നാം "യേശുവിനോടുകൂടി മരിക്കുകയും ഉയിർക്കുകയുമാണ്" ചെയ്യുന്നത്. എന്നാൽ, ഓരോ വർഷവും ഇതാവർത്തിക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ ആദ്ധ്യാത്മികമായ എന്തു മാറ്റം അഥവാ ഉയർച്ച ഉണ്ടായി എന്നു നാം ചിന്തിക്കാറില്ല. അതൊരു ചക്രം കറങ്ങുന്നതുപോലെ ആവർത്തിക്കപ്പെടുകയാണോ? പാപങ്ങളിൽ മരിക്കുവാനും യേശുവിനോടുകൂടി ഉയിർക്കുവാനും പരിശുദ്ധാത്മാവിന്റെ ശക്തി പ്രാപിച്ച് യേശുവിന്റെ രണ്ടാം വരവുവരെ തന്റെ സാക്ഷികളായി ജീവിക്കുവാനും കഴിയുക എന്നത് നമ്മുടെ ജീവിതലക്ഷ്യമായും അനുഭവമായും മാറേണ്ടിയിരിക്കുന്നു.

ഇനി ഇതിന്റെ സാമൂഹ്യവശം കൂടി നോക്കാം. യേശുക്രിസ്തുവിന്റെ അത്ഭുത ജനനത്തേക്കാൾ നമ്മുടെ ക്രിസ്തീയജീവിതത്തിൽ സ്വാധീനം ചെലുത്തുന്നത് തന്റെ കുരിശുമരണമാണ്. യേശു നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമായി മരിച്ചുവെന്നും താൻ വഴിയും സത്യവും ജീവനുമാകുന്നു എന്നും പറയുമ്പോൾ പാപിയ്ക്കു

രക്ഷയും പാപങ്ങൾക്കു മോചനവുമുണ്ട് എന്ന ദിവ്യ സന്ദേശമാണ് നമുക്കു ലഭിക്കുന്നത്. ആ വിശ്വാസമാണ് ഉയിർപ്പിനും സ്വർഗ്ഗാരോഹണത്തിനും പരിശുദ്ധാത്മാവിന്റെ ആവാസത്തിനും പശ്ചാത്തലമാകുന്നത്. എന്നാൽ, കൊറോണാ കൊണ്ട് കലുഷിതമായിരിക്കുന്ന ഈ വർഷം ചില സാമൂഹ്യപാഠങ്ങൾ കൂടി നാം പഠിക്കേണ്ടിയിരിക്കുന്നു.

ഒരു കൊറോണാ വൈറസിന്റെ തൂക്കം അനുസരിച്ച് മൊത്തം ഒന്നര ഗ്രാം വരുന്ന രോഗാണുക്കളാണ് 40 ലക്ഷത്തിൽപ്പരം രോഗികളെ ബാധിച്ചിരിക്കുന്നതെന്നും ലോകത്തിലെ 750 കോടി ജനങ്ങളെ പരിഭ്രാന്തിയുടെ മുൾമുനയിൽ നിർത്തിയിരിക്കുന്നതെന്നും അറിയുമ്പോൾ നമ്മുടെ നിസ്സാരതയെക്കുറിച്ച് നാം കൂടുതൽ ബോധവാന്മാരാകുകയാണ്. അതുപോലെ, ഒഴിച്ചുകൂടാൻ പാടില്ലാത്തതായി ഇന്നലെവരെ നാം ധരിച്ചുവശായിരുന്ന പല കാര്യങ്ങളും, ശക്തമായ ബാഹ്യപ്രേരണകൾക്കു വഴങ്ങിയിട്ടാണെങ്കിലും, അനിവാര്യമല്ല എന്നു നാം മനസ്സിലാക്കി. നമുക്ക് ഇതുവരെ ഭയങ്കര തിരക്കായിരുന്നു; വിശ്രമിക്കാൻ പോലും സമയമില്ലാതെ നെട്ടോട്ടമായിരുന്നു. പക്ഷേ നമുക്ക് വിശ്രമം അന്യമല്ലെന്നും പ്രകൃതിക്കും വിശ്രമം ആവശ്യമാണെന്നും നാം തിരിച്ചറിഞ്ഞു. ശുദ്ധവായു ലഭിച്ചപ്പോൾ നമ്മുടെ ബോധമണ്ഡലത്തിലും പൂക്കൾ വിരിഞ്ഞു!


നമ്മുടെ കഷ്ടപ്പാടുകൾക്കു കാരണമായിരിക്കുന്നത് അറിഞ്ഞോ അറിയാതെയോ ചൈന ലോകത്തിനു സമ്മാനിച്ച കൊറോണാ കളിപ്പാട്ടമാണല്ലോ. ചൈനാസാധനങ്ങളുടെ അമിതോപയോഗം നമ്മുടെ ജീവിതത്തെ മനസ്സറിയാതെയുള്ള ഒരുതരം അടിമത്തത്തിലേക്കാണ് നയിച്ചിരിക്കുന്നത്. കളിപ്പാട്ടങ്ങളും നിത്യോപയോഗ സാധനങ്ങളും മാത്രമല്ല, കമ്പ്യൂട്ടർ ലോകവും അവരുടെ കൈപ്പിടിയിലാണ്. ഈ സ്ഥിതി മാറേണ്ടിയിരിക്കുന്നു. നാം നമ്മുടെ കഴിവും വിഭവശേഷിയും മറക്കുകയാണോ? ഇനിയെങ്കിലും തൊട്ടതിനും പിടിച്ചതിനുമെല്ലാം ചൈനാക്കാരന്റെ മുമ്പിൽ പിച്ചച്ചട്ടിയുമായി നില്ക്കാതെ നമുക്കു വേണ്ടത് ഭാരതത്തിൽത്തന്നെ ഉത്പാദിപ്പിക്കുവാനുള്ള വിവേകം എല്ലാ ഭാരതീയർക്കും വിശിഷ്യാ നമ്മെ ഭരിക്കുന്നവർക്കും അവരെ ഭരിക്കുന്ന വമ്പന്മാർക്കും ഉണ്ടാകട്ടെ എന്നു വെറുതെ മോഹിക്കുന്നു.

ഒരു രാജ്യത്തിന്റെ ആന്തരിക കാര്യങ്ങളിൽ ഏതെങ്കിലും അന്യരാജ്യത്തിന്റെ കടന്നുകയറ്റം എത്രമാത്രമാകാമെന്ന് വിവേചനാബുദ്ധ്യാ നോക്കുവാൻ കൊറോണാ നമ്മെ പഠിപ്പിക്കുന്നു. ലോക പോലീസാണെന്നും അതിബുദ്ധിയുണ്ടെന്നും ദുരഭിമാനം കൊണ്ടിരുന്ന അമേരിക്കയും മറ്റു യൂറോപ്യൻ രാജ്യങ്ങളും നട്ടെല്ലു നിവർത്താൻ പാടുപെടുന്നത് നമ്മുടെ കണ്ണുകളെ തുറപ്പിക്കട്ടെ. ലാഭേച്ഛയൊന്നുകൊണ്ടുമാത്രം നിർലജ്ജം മാതൃരാജ്യത്തെ ഒറ്റിക്കൊടുക്കാൻ മടിയില്ലാത്ത വ്യവസായികളും അതിന്റെ പങ്കുപറ്റുന്ന രാഷ്ട്രീയക്കാരും ഗുണനിലവാരമുള്ള സാധനങ്ങൾ ഭാരതത്തിൽത്തന്നെ ഉണ്ടാക്കി കുറഞ്ഞ വിലയ്ക്കു നൽകാൻ ഇനിയെങ്കിലും ഇവിടത്തെ വിഭവശേഷി ഉപയോഗിക്കട്ടെ. ചില പഴയ പാട്ടുകൾ ഓർമ്മ വരുന്നു - "ഹം കിസീ സേ കം നഹീ"..., "സാരേ ജഹാം സേ അച്ഛാ, ഹിന്ദുസിതാ ഹമാരാ...ഹമാരാ"... ഇങ്ങനെ പാടിനടന്നാൽ മാത്രം മതിയോ?

പ്രായോഗികജീവിതത്തിൽ, വികസനത്തിന്റെ പേരിലുള്ള ജീവിതസ്പന്ദനങ്ങൾ പാടേ നിശ്ചലമാകുന്നതും തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നതും ചെറുകിടക്കാരും ദിവസവരുമാനക്കാരും തകർന്നടിയുന്നതും വരുമാനമില്ലാതെ സാമാന്യജനം കഷ്ടപ്പെടുന്നതും വരുമാനമുള്ളവർ തന്നെ നിസ്സഹായരാകുന്നതും നാം നിസ്സംഗരായി കാണുന്നു. ഈ "ദുഃഖവെള്ളിയാഴ്ച"യിൽനിന്ന് ഒരു ഉയിർപ്പു വേണ്ടേ? അതിനാണ് നാമിപ്പോൾ "മൂന്നു നാൾ കബറിൽ" കഴിയുന്നത്! നാളത്തെ പ്രഭാതം സന്തോഷത്തിന്റെയും സമൃദ്ധിയുടെയും ഒരു പുതുജീവിതത്തിലേക്കുള്ള ഉയിർപ്പിന്റെ പ്രഭാതമാകട്ടെ! അങ്ങനെ, ധൂർത്തിന്റെയും അനാവശ്യ ആഡംബരങ്ങളുടെയും കറ പുരളാത്ത, ശാന്തിയുടെയും സമാധാനത്തിന്റെയും ദൈവഭക്തിയുടെയും നറുമണമുള്ള ഒരു പുത്തൻ അനുഭവത്തിലേക്ക് നമുക്ക് "സ്വർഗ്ഗാരോഹണം" ചെയ്യാം. ◎

കവർ സ്റ്റോറി

ഫാ. ജോണി ജോർജ്ജ്
കോർ എപ്പിസ്കോപ്പാ



ചില 'കോവിഡ്–19' ചിന്തകൾ

'കോവിഡ്-19' എന്ന മഹാമാരി ലോകത്തെയാകമാനം ഭീതിയിലാക്കിയിരിക്കുകയാണ്. ലഭ്യമായ കണക്കുകളനുസരിച്ച് മൂന്നു ലക്ഷത്തിലേറെ ആളുകൾ ഈ രോഗം മൂലം മരിച്ചു. രാജാവും മന്ത്രിയും പ്രജകളും കൊറോണാ വൈറസിന്റെ ആക്രമണത്തിന് വിധേയരായി. 2019-ൽ കൊറോണാ വൈറസ് മൂലമുണ്ടായ രോഗം എന്നാണല്ലോ 'കോവിഡ് 19' അർത്ഥമാക്കുന്നത്. ഈ രോഗത്തിന്റെ ആരംഭത്തെപ്പറ്റി വ്യത്യസ്തമായ ആരോപണങ്ങളുണ്ട്. കൊറോണാ വൈറസ് ചൈന നിർമ്മിച്ച ജൈവായുധമാണെന്നും, അല്ല അമേരിക്കയാണ് ഇതിനുത്തരവാദിയെന്നും അന്യോന്യം പഴി ചാരിയിരുന്നു. പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്ന വസ്തുത ചൈനയിലെ വൻ നഗരങ്ങളിലൊന്നായ വുഹാനിലെ മത്സ്യ മാംസ സംഭരണ വിപണനകേന്ദ്രത്തിൽ നിന്നാണ് ഈ വൈറസ് പുതിയ രൂപവും ഭാവവും പ്രാപിച്ച് വ്യാപരിച്ചത് എന്നാണ്. ഓരോ ഭൂപ്രദേശത്ത് എത്തുമ്പോഴും ഈ സൂക്ഷ്മാണുവിന് ഘടനാ വ്യത്യാസം ഉണ്ടാകുമെന്നും പറയപ്പെടുന്നു. വുഹാനിൽ കാണപ്പെട്ട കൊറോണയിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നുവത്രെ സിംഗപ്പൂരിൽ പ്രത്യക്ഷപ്പെട്ട വൈറസ്. ഏതായാലും മനുഷ്യജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളെയും ഇത് ബാധിച്ചിരിക്കുന്നു. സാമൂഹ്യവും മതപരവും സാമ്പത്തികവും സാംസ്കാരികവും കാർഷികവും ആരോഗ്യപരവും ആയ മേഖലകളെയെല്ലാം 'കോവിഡ്-19' തളർത്തിയിരിക്കുന്നു. ഇതോടനുബന്ധിച്ച് ചില ചിന്തകൾ എല്ലാവരുമായി പങ്കുവയ്ക്കുന്നു.

വുഹാനിലെ ഒരു 'ഇറച്ചിവെട്ടുകട'യായിരുന്നു 'കോവിഡ്-19'ന്റെ പ്രഭവ കേന്ദ്രം എന്നു പറയപ്പെടുന്നു. അവിടെയുള്ള സംവിധാനങ്ങളുടെ ഒരു വീഡിയോ ചിത്രം കാണുവാനിടയായി. ഈനാംപേച്ചി, പാമ്പ്, മറ്റ് ഉരഗങ്ങൾ, വിവിധതരം വന്യജീവികൾ ഇവയെയെല്ലാം കൂട്ടിലടച്ചിരിക്കുന്നു. മത്സ്യമാംസാദികൾ വാങ്ങാനായി ചെല്ലുന്ന ആളുകൾ ചൂണ്ടിക്കാണിക്കുന്ന ഇരകളെ 'വെട്ടൊന്ന് മുറി രണ്ട്' എന്ന രീതിയിൽ കൊന്ന് ആവശ്യപ്പെടുന്ന വലിപ്പത്തിൽ കഷണങ്ങളാക്കി കൊടുക്കും. ഈ വീഡിയോ കണ്ടപ്പോൾ ലേവ്യാപുസ്തകം 11-ാം അദ്ധ്യായം ഓർത്തുപോയി. മിസ്രയീമിൽ നിന്നുള്ള പുറപ്പാട് സംഭവത്തിനുശേഷം യിസ്രായേൽക്കാർ മറ്റ് ജീവികളെക്കൊന്ന് ഭക്ഷിക്കുമ്പോൾ പാലിക്കേണ്ടതായ നിയമങ്ങളാണ് അവിടെ പറഞ്ഞിരിക്കുന്നത്. സ്വാതന്ത്ര്യം ലഭിച്ചതിന്റെ ഉല്ലാസത്തിലും ഉന്മാദത്തിമിർപ്പിലും തന്നിഷ്ടംപോലെ വന്യജീവികളെക്കൊന്ന് ഭക്ഷണത്തിന് ഇരയാക്കുന്ന ക്രൂരതയെ നിയന്ത്രിക്കാനായിരിക്കും ഒരുപക്ഷെ ഈ നിയമങ്ങൾ ദൈവനിയോഗത്താൽ മോശ ക്രോഡീകരിച്ചത്. ഈ ഭാഗങ്ങൾ ശ്രദ്ധിക്കുക: "ചിറകും ചെതുമ്പലും ഇല്ലാതെ വെള്ളത്തിൽ ഉള്ളതൊക്കെയും നിങ്ങൾക്ക് വെറുപ്പ് ആയിരിക്കേണം" (ലേവ്യ. 11:12). "നിലത്ത് ഇഴയുന്ന ഇഴജാതിയിൽ നിങ്ങൾക്ക് അശുദ്ധമായവ ഇവ: 'പെരുച്ചാഴി, എലി, അതതുവിധം ഉടുമ്പ്, അളുങ്ക്, ഓന്ത്, പല്ലി, അരണ, തുരവൻ..'' (ലേവ്യ 11:29-31). മോശൈക ന്യായപ്രമാണം അനുസരിച്ച് ജീവിക്കാൻ വുഹാനിലെ ജനങ്ങളോട് പറയാൻ ആവില്ലെങ്കിലും മറ്റ് ജീവികളോട് കാണിക്കേണ്ട "മിനിമം ദയ" പുലർത്താൻ അവരെ പഠിപ്പിക്കേണ്ടതാണ്. ഇല്ലെങ്കിൽ പ്രകൃതിതന്നെ അതിന് വഴി ഒരുക്കും. പ്രകൃതിയെ സംരക്ഷിക്കാനുള്ള ചുമതല മനുഷ്യനിൽ നിക്ഷിപ്തമാണ് എന്ന കാര്യം നമ്മൾ ഓർത്ത് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ഇൻഡ്യയിൽ 'കോവിഡ് 19'-നെ നേരിടാൻ ഏർപ്പെടുത്തിയ ലോക്ഡൗൺ സംബന്ധിച്ച് ഒരു ടി.വി. ചാനൽ ചർച്ചയിൽ പറഞ്ഞ കാര്യം ശ്രദ്ധേയമായിത്തോന്നി. ഏപ്രിൽ 5-ാം തീയതി രാത്രി 9 മണി മുതൽ 9.09 വരെ ബൾബുകളെല്ലാം അണച്ച് ഇൻഡ്യ ആകമാനം അന്ധകാരം നിറച്ച സമയമായിരുന്നു അത്. കുറെ വർഷങ്ങൾക്ക് മുമ്പ് പാകിസ്താന്റെ ആക്രമണം മുംബൈയിൽ ഉണ്ടാകുമെന്നുള്ള ഭീതിയിൽ നഗരം 'ബ്ലാക്ക് ഔട്ട്' പ്രഖ്യാപിക്കാൻ ആലോചിച്ചതിനെപ്പറ്റിയായിരുന്നു ചാനൽ ചർച്ചയിലെ പരാമർശം. മുന്നറിയിപ്പ് ഉണ്ടാകുമ്പോൾ എല്ലാ ലൈറ്റുകളും കെടുത്തണം; നഗരം മുഴുവൻ അന്ധകാരം. പാകിസ്താന് ഏതെങ്കിലും ഭാഗം വേർതിരിച്ചെടുത്ത് കാണാൻ (identify) പ്രയാസമാകും. തൽഫലമായി പാകിസ്താന്റെ 'ഓപ്പറേഷൻ' പരാജയമായിത്തീരും. അതുപോലെ ബ്ലാക്ക് ഔട്ടും ലോക്ക്ഡൗണും കൊറോണാ വൈറസിന്റെ വ്യാപനത്തെ തടയാനുള്ള മാർഗ്ഗമായാണ് നാം ഇപ്പോൾ സ്വീകരിച്ചത്.

'സമാനമായ ഒരു ബ്ലാക്ക് ഔട്ട്' നൂറ്റാണ്ടുകൾക്കു മുമ്പ് മോശ നടപ്പാക്കിയതിനെപ്പറ്റി പുറപ്പാട് 10:21-22 ൽ പറയുന്നുണ്ട്. "അപ്പോൾ യഹോവ മോശയോട്: മിസ്രയീം ദേശത്ത് സ്പർശിക്കത്തക്ക ഇരുൾ ഉണ്ടാകേണ്ടതിന് നിന്റെ കൈ ആകാശത്തേക്ക് നീട്ടുക എന്നു കല്പിച്ചു. മോശെ തന്റെ കൈ ആകാശത്തേക്കു നീട്ടി. മിസ്രയീം ദേശത്തൊക്കെയും മൂന്നു ദിവസത്തേക്ക് കൂരിരുട്ടുണ്ടായി. മൂന്നു ദിവസത്തേക്ക് ഒരുത്തനെ ഒരുത്തൻ കണ്ടില്ല; ഒരുത്തനും തന്റെ സ്ഥലംവിട്ട് എഴുന്നേറ്റതുമില്ല."

ഇവിടെ രണ്ടു കാര്യങ്ങൾ ശ്രദ്ധേയമാണ്:

1. "മൂന്ന് ദിവസത്തേക്ക് ഒരുത്തനെ ഒരുത്തൻ കണ്ടില്ല." ഒരു വ്യാജവാർത്തയും പ്രചരിക്കാനുള്ള അവസരം കിട്ടിയില്ല. സാമൂഹ്യ അകലം (social distancing) കർശനമായി പാലിച്ചു.

2. "ഒരുത്തനും തന്റെ സ്ഥലംവിട്ട് എഴുന്നേറ്റതുമില്ല." ഇൻഡ്യയിൽ ലോക്ക് ഡൗൺ പ്രഖ്യാപിക്കുമ്പോഴുള്ള പ്രധാന നിർദ്ദേശം ഓരോരുത്തരും അവരവർ ആയിരിക്കുന്നിടത്തുതന്നെ താമസിക്കാനായിരുന്നു. വിദേശത്തുള്ളവർ തിരിച്ചുവരാൻ പര്യാപ്തമായ നിയമനിർമ്മാണത്തിനായി ആവശ്യപ്പെട്ടപ്പോൾ സുപ്രീം കോടതി തറപ്പിച്ചു പറഞ്ഞതും ഇതു തന്നെയായിരുന്നു.

പൊതുവെ ചില കാര്യങ്ങൾ കൂടി പങ്കുവച്ചുകൊള്ളട്ടെ:

1. ശുചിത്വപാലനം ആരോഗ്യപരിപാലനത്തിന്റെ പ്രഥമപടിയാണെന്ന് ഈ മഹാമാരി നമ്മെ പഠിപ്പിച്ചു. കൈകഴുകൽ തന്നെ ആചാരമനുസരിച്ച് നടത്തണമെന്ന് നമ്മൾ പഠിച്ചു. കൈക്കുഴ മുതൽ കൈകൾക്കിരുപുറവും വിരലുകൾക്കിടയിലും അറ്റം വരെയും നഖങ്ങളും ചേർത്ത് 20 സെക്കന്റ് സോപ്പുപയോഗിച്ച് കഴുകി വൈറസിനെ ഇല്ലാതാക്കാൻ നമ്മൾ സമയം കണ്ടെത്തി. യൂഹദന്മാരുടെ ശുദ്ധീകരണ നിയമമനുസരിച്ച് കൈപ്പത്തി മുകളിലേക്ക് ഉയർത്തിപ്പിടിച്ച് അതിൽ വെള്ളമൊഴിച്ച് കൈക്കുഴ (wrist) വരെ കഴുകിയതിനുശേഷം കൈപ്പത്തികൾ താഴേക്ക് പിടിച്ച് അഴുക്ക് ഒഴുക്കിക്കളയുകയായിരുന്നു പതിവ്.

2. പ്രകൃതി ശുദ്ധീകരിക്കപ്പെട്ടു. പുകപടലങ്ങൾ അപ്രത്യക്ഷമായി. പക്ഷിമൃഗാദികൾ മനുഷ്യജീവിതത്തിന്റെ ഭാഗമായി.

3. സർക്കാരും അതോടനുബന്ധിച്ചുള്ള സംവിധാനങ്ങളും ജനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിച്ചു. സ്നേഹത്തിന്റേയും കരുണയുടേയും പ്രവാഹമുണ്ടായി.

4. 'ശാബത്ത് മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ ശാബത്തിനു വേണ്ടിയല്ല" എന്ന ക്രിസ്തുവചനം അരക്കിട്ടുറപ്പിക്കുന്നതാണ് ഇക്കാലത്തെ അനുഭവം. ആരാധനാലയങ്ങൾ വിശ്വാസികൾക്ക് കയറാനാവാത്ത പ്രതിസന്ധിയിൽ! പക്ഷേ, "തദ്ദേശീയരും വിദേശികളും ജനകീയരു"മായവർ അതിനെതിരായി ഒരക്ഷരംപോലും മിണ്ടുന്നില്ല. മനുഷ്യജീവനാണ് വിലപ്പെട്ടതെന്ന് കൊറോണാ നമ്മെ പഠിപ്പിച്ചു. ഈ പാഠം ഉൾക്കൊണ്ടുകൊണ്ട് ജീവിക്കാൻ 'കൊറോണാക്കാലം' കഴിഞ്ഞാൽ നാം ശ്രദ്ധിക്കുമോ? ◎

ചിന്താവിഷയം

Rev. Dr. Malhia Joshua



സ്വർഗ്ഗാരോഹണം : ഒരു കോവിഡ്കാല പുനർവായന

"With the Ascension of Jesus to the glory of heaven, we participate in the fullness of life with God. Let us carry this in our hearts in our daily lives" - Pope Francis

"യേശുവിന്റെ സ്വർഗ്ഗാരോഹണം വഴി നാം ദൈവികജീവന്റെ പൂർണ്ണതയിൽ പങ്കുകാരാകും. അനുദിനജീവിതത്തിൽ ഈ ചിന്ത നമ്മുടെ ഹൃദയങ്ങളിൽ സംഗ്രഹിക്കാം". ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ നാൽപതാം നാൾ ക്രൈസ്തവ സഭ സ്വർഗ്ഗാരോഹണം ആഘോഷിക്കുന്നതിന്റെ പശ്ചാത്തലത്തിലാണ് പോപ്പ് ഫ്രാൻസിസ് ഇങ്ങനെ ട്വീറ്റ് ചെയ്തത്.

ദൈവപുത്രനായ യേശുവിന്റെ ക്രൂശീകരണവും അതിനോടനുബന്ധിച്ച് താൻ നേരിട്ട കഷ്ടപ്പാടുകളും മരണവും ഉയിർത്തെഴുന്നേൽപ്പും തുടർന്നുള്ള സ്വർഗ്ഗാരോഹണവും ഇന്നും ക്രൈസ്തവരുടെ വിശ്വാസത്തെ പരിപോഷിപ്പിച്ചു നിർത്തുന്ന ഘടകങ്ങളാണ്.

യേശുവിനോട് ബന്ധപ്പെട്ടുകിടക്കുന്ന നാല് അത്ഭുതങ്ങളാണ് മനുഷ്യാവതാരം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, രണ്ടാംവരവ്. ഇവയെ നിരാകരിച്ചുകൊണ്ട് ക്രിസ്തുശാസ്ത്രം (Christology) രൂപപ്പെടുത്താനോ ക്രൈസ്തവവിശ്വാസം അർത്ഥവത്താക്കുവാനോ സാധ്യമല്ല. ഈ നാല് അത്ഭുതങ്ങളും മനുഷ്യവർഗ്ഗത്തിന്റെ പാപത്തിൽനിന്നുള്ള വീണ്ടെടുപ്പ് എന്ന തുടർപ്രക്രിയയുടെ ഭാഗങ്ങളായി നാം കാണുന്നു.

ദൈവരാജ്യം ഈ ലോകത്ത് ആധികാരികമായി ഉദ്ഘാടനം ചെയ്ത് അതിനെക്കുറിച്ചു പ്രസംഗിക്കുവാൻ ചരിത്രത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ മനുഷ്യനായി, മനുഷ്യരുടെയിടയിൽ ജീവിച്ച യേശു തന്റെ ദൗത്യം പൂർത്തിയാക്കിയാൽ സ്വർഗ്ഗത്തേക്കു മടങ്ങണം എന്നതാണ് സ്വർഗ്ഗാരോഹണത്തിന്റെ യുക്തി. ക്രിസ്തുവിന്റെ മടക്കത്തിനുശേഷം മാത്രമേ പരിശുദ്ധാത്മാവിനു വിശ്വാസികളിൽ ആവസിക്കുവാൻ കഴിയൂ എന്നത് ദൈവികപദ്ധതി; അതിനാൽ പെന്തക്കൊസ്തിനു മുമ്പ് സ്വർഗ്ഗാരോഹണം എന്നത് നിർബന്ധം. യോഹ 16:7 – "ഞാൻ പോകുന്നത് നിങ്ങൾക്കു പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും." ക്രിസ്തുവിന്റെ മടക്കത്തോടുകൂടി തന്റെ ദൗത്യം അവസാനിക്കുന്നില്ല; മറ്റൊരു പുതിയ ദൗത്യം ആരംഭിക്കുകയായി: "ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും" (യോഹ. 14:2,3). മനുഷ്യരുടെ പാപത്തിൽനിന്നുള്ള വീണ്ടെടുപ്പ് എന്ന പ്രക്രിയയുടെ പൂർത്തീകരണമാണു നാം ഇവിടെ കാണുന്നത്.

യേശുവിന്റെ സ്വർഗ്ഗാരോഹണം വിശ്വാസികൾക്ക് ഗുണകരമായിത്തീർന്നത് എങ്ങനെയൊക്കെയാണെന്നു ദൈവവചനം വ്യക്തമാക്കുന്നുണ്ട്. **ഒന്നാമതായി,** ജീവിക്കുന്ന ക്രിസ്തു പരിശുദ്ധാത്മാവിലൂടെ നമ്മിൽ വസിച്ചുകൊണ്ട് രക്ഷാദൗത്യം പൂർത്തിയാക്കുവാൻ നമ്മെ സഹായിക്കുന്നു. യോഹന്നാന്റെ സുവിശേഷം 14 മുതൽ 16 വരെയുള്ള അദ്ധ്യായങ്ങൾ ഇതു വ്യക്തമാക്കുന്നു. **രണ്ടാമതായി,** യേശുവിന്റെ സ്വർഗ്ഗാരോഹണം ശിഷ്യന്മാരെ കൂടുതൽ ആത്മികശക്തിയുള്ളവരാക്കിത്തീർത്തു. യോഹ 14:12 – "ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും; ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയതും അവൻ ചെയ്യും". പത്രോസ് അപ്പൊസ്തലനിലൂടെ മരിച്ചവരെ ഉയിർപ്പിച്ചതുൾപ്പെടെയുള്ള വീര്യപ്രവൃത്തികൾ ദൈവം നിർവ്വഹിച്ചതായി അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകത്തിൽ നാം വായിക്കുന്നു. **മൂന്നാമതായി,** യേശു സ്വഭവനത്തിലേക്കു മടങ്ങിയത് മനുഷ്യർക്കുവേണ്ടി മധ്യസ്ഥത വഹിക്കാനാണ്. എബ്രായർക്ക് എഴുതിയ ലേഖനം യേശുവിന്റെ പൗരോഹിത്യ ശുശ്രൂഷയെ ഉറപ്പിച്ചു പറയുന്നു (എബ്രാ. 5:1–10). പഴയനിയമത്തിൽ

പൗരോഹിത്യധർമ്മം എന്നത് പ്രാർത്ഥനയും യാഗം കഴിക്കലുമായിരുന്നു. അതിനു സമാനമായി ദൈവ പുത്രൻ പിതാവിന്റെ വലതുഭാഗത്തിരുന്നുകൊണ്ട് നമുക്കുവേണ്ടി മാദ്ധ്യസ്ഥം ചെയ്യുന്നു (റോമർ 8:34). **നാലാമതായി,** സുവിശേഷം ലോകം മുഴുവൻ വ്യാപിക്കുന്നതിനു സ്വർഗ്ഗാരോഹണം കാരണമായി. അത് പലസ്തീൻ നാടുകളിൽ ഒതുങ്ങേണ്ടതായിരുന്നില്ല (മത്താ. 28:18). യേശു നിർവ്വഹിച്ച സമയ ദേശ പരിധിക്കുള്ളിലൊതുങ്ങിയ ഇടപെടലുകളിൽനിന്നും അതിരുകളില്ലാത്ത സുവിശേഷീകരണവും ദൈവ രാജ്യവ്യാപനവും സുസാധ്യമായത് സ്വർഗ്ഗാരോഹണത്തിനും പെന്തിക്കൊസ്തിക്കും ശേഷമാണ്. ഈ ചിന്ത ക്രൈസ്തവ വിശ്വാസികളിൽ സുവിശേഷ പ്രവർത്തനങ്ങൾക്കുള്ള തീക്ഷ്ണത ജ്വലിപ്പിക്കണം. ഇതുതന്നെയാണ് ഇന്നിന്റെ വെല്ലുവിളിയും.

സ്വർഗ്ഗാരോഹണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ദൈവവചനത്തിന്റെ വെളിച്ചത്തിൽ ചിന്തിക്കുന്നതോടൊപ്പം, ഇക്കഴിഞ്ഞ നോമ്പ് കാലഘട്ടം നമുക്കു നൽകിയ ചില ഉൾക്കാഴ്ചകളിലേക്ക് ശ്രദ്ധ തിരിക്കുവാനും നാം നിർബന്ധിതരാവുകയാണ്. പരമ്പരാഗതമായി നോമ്പ് ആചരണവും അതിനോടനുബന്ധിച്ചുള്ള പ്രാർത്ഥനകളും യാതൊരു മുടക്കവും ഇല്ലാതെ അനുഷ്ഠിച്ചുവന്ന വിശ്വാസികൾ ഈ വർഷം നോമ്പിന്റെ തുടക്കത്തിൽതന്നെ കൊറോണാ എന്ന വൈറസിനുമുമ്പിൽ പകച്ചുപോയി എന്നതാണു യാഥാർത്ഥ്യം.

ആരാധനകൾക്കും കൂദാശകൾക്കും പള്ളിയെ മാത്രം ആശ്രയിച്ചിരുന്ന നമുക്ക് അവിടെ പ്രവേശനം നഷ്ടപ്പെട്ടു. ആരാധനകൾ ഭവനങ്ങളിലൊതുങ്ങി. വിവാഹം, ശവസംസ്കാരം തുടങ്ങിയ കണ്ണഞ്ചിപ്പിക്കുന്നതും ആർഭാടപൂർണ്ണവുമായ ആഘോഷങ്ങൾ ലഘുവായ ശുശ്രൂഷകൾക്ക് വഴി മാറിക്കൊടുത്തു. ദൈവാരാധനയ്ക്ക് പുരോഹിതന്റെ നേതൃത്വം അനിവാര്യമാണെന്ന ധാരണയ്ക്ക് മാറ്റം സംഭവിച്ചു. ഒരു പുരോഹിതന്റെ അഭാവത്തിൽ ഭവനങ്ങളിലിരുന്ന് തങ്ങളുടെ പാപങ്ങളെ ദൈവത്തോട് ഏറ്റുപറയാം എന്ന പോപ്പ് ഫ്രാൻസിസിന്റെ പ്രഖ്യാപനം കുമ്പസാരത്തിനു പുതിയ അർത്ഥവും മാനവും നൽകി. കണ്ണിമയ്ക്കുന്ന സമയത്തിനുള്ളിൽ 'ആരാധനയിൽ പങ്കെടുക്കുക' എന്നതിൽനിന്ന് 'ആരാധന കാണുക' എന്ന രീതിയിലേക്കു നമുക്കു മാറേണ്ടിവന്നു (paradigm shift). വിശുദ്ധ കുർബാന 'അനുഭവിക്കുന്ന'തിൽ നിന്നും, വാട്സ് ആപ്പിൽ വരുന്ന നൂറുകണക്കിനു വീഡിയോ ക്ലിപ്പിംഗുകളിൽകൂടി ഏതുസമയത്തും എത്ര ആവർത്തിയും ഏതു സഭാവിഭാഗത്തിന്റെ വേണമെങ്കിലും കുർബാന കൺകുളിർക്കെ 'കണ്ട്' തൃപ്തരാകുക എന്ന അവസ്ഥ! പള്ളികളുടെയും അതുമായി ബന്ധപ്പെട്ട സ്ഥാവരജംഗമ വസ്തുക്കളുടെയും ഉടമസ്ഥാവകാശത്തിന്മേലുള്ള കോടതി വ്യവഹാരങ്ങളും വിധിന്യായങ്ങളും അവ നടപ്പാക്കിക്കിട്ടുന്നതിനുള്ള പോലീസ് ഇടപെടലുകളും തുടർന്നുള്ള കയ്യാങ്കളികളും കൊറോണാ എന്ന അദൃശ്യജീവിയുടെ മുമ്പിൽ നിഷ്പ്രഭമായിപ്പോയി.

ഇത്തരുണത്തിൽ ഹോശാനാ ഞായറിനോട് അനുബന്ധിച്ച് യേശു നടത്തിയ ദേവാലയ ശുദ്ധീകരണം ഒന്നു വിലയിരുത്താം. ഒരു വസ്തു അല്ലെങ്കിൽ ഒരു ഇടം അതിന്റെ ധർമ്മം നിറവേറ്റുന്നതിനു വിഘാതം സൃഷ്ടിക്കുന്ന മാലിന്യങ്ങളെ നീക്കം ചെയ്യലാണ് ശുദ്ധീകരണം എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നത്. യേശു നടത്തിയ ശുദ്ധീകരണ പ്രക്രിയക്ക് (മത്തായി 21:12-17) ഇന്ന് എന്താണു പ്രസക്തി?

ലോകമെമ്പാടുമുള്ള ക്രൈസ്തവ ആരാധനാലയങ്ങളെ പൊതുവെ രണ്ടായി തരം തിരിക്കാം: **ഒന്ന്,** ആഗോളസുവിശേഷീകരണം എന്ന ലക്ഷ്യം മുൻനിർത്തി നൂറ്റാണ്ടുകളിലൂടെ വിശ്വാസവീരന്മാരാൽ സ്ഥാപിക്കപ്പെടുകയും പിൽക്കാലത്ത് ആധുനികതയുടെ സ്വാധീനത്തിൽ വിശ്വാസത്തിന്റെ ആർജ്ജവം നഷ്ടപ്പെട്ട് ആരാധനകൾക്ക് ആളില്ലാതെ ഹോട്ടലുകളായും നാടകശാലകളായും ബാറുകളായും മാറ്റപ്പെട്ട ആരാധനാലയങ്ങൾ. **രണ്ട്,** സഭ അനുശാസിക്കുന്ന എല്ലാ ആരാധനകളിലും തിരുക്കർമ്മങ്ങളിലും ലവലേശം ഭംഗം വരുത്താതെ പങ്കെടുക്കുകയും ശക്തമായ അധികാരശ്രേണിയുടെ നിയന്ത്രണത്തിൽ ആയിരിക്കുകയും ചെയ്യുന്ന സഭാവിഭാഗങ്ങളുടെ ആരാധനലായങ്ങൾ - അധികാരം നിലനിർത്തുന്നതിനും കൂടുതൽ അധികാരങ്ങൾ നേടുന്നതിനും സമ്പത്ത്, രാഷ്ട്രീയ സ്വാധീനം ഇവയുടെ പിൻബലത്തിൽ സർക്കാരുകളുമായിപ്പോലും വിലപേശൽ നടത്തുന്നതിനും പ്രാപ്തമായ ശക്തികേന്ദ്രങ്ങളായി മാറിയ ആരാധനാലയങ്ങളാണ് ഇവയിൽ മിക്കതും. മേൽപ്പറഞ്ഞ രണ്ടുതരം ആരാധനാലയങ്ങളും രണ്ട് ധ്രുവങ്ങളിലാണ് (extreme ends) കാണപ്പെടുന്നതെങ്കിലും ഇവയ്ക്കിടയിൽ ക്രൈസ്തവ ആത്മിക ചൈതന്യം തുളുമ്പുന്ന വിശ്വാസികളും ആരാധനാലയങ്ങളും നിലനിൽക്കുന്നു എന്ന യാഥാർത്ഥ്യം കാണാതിരുന്നു

(ശേഷം പേജ് 30-ൽ)

ബൈബിൾ ചിന്തകൾ - 91

പ്രൊഫ. എം.വൈ. യോഹന്നാൻ



ഉത്ഥിതൻ നൽകുന്ന ആശ്വാസം

Stoic തത്വജ്ഞാനിയായ Epictetus പറഞ്ഞു: "While the emperor makes peace from war on land and sea, he is unable to give peace from passion, grief and envy. He cannot give peace of heart, for each man yearns for more than outward peace." ഒരു ചക്രവർത്തിക്ക് യുദ്ധം മൂലം കരയിലും കടലിലും സമാധാനം ഉണ്ടാക്കുവാൻ കഴിഞ്ഞെന്നു വരാം; പക്ഷെ അദ്ദേഹത്തിന് മനുഷ്യഹൃദയത്തിലെ വികാരങ്ങളിൽ നിന്ന്, തീവ്രമായ ദുഃഖങ്ങളിൽ നിന്ന്, അസൂയയിൽ നിന്ന് ഒന്നും ഹൃദയത്തിന് സമാധാനം തരാൻ കഴിയില്ല. വാസ്തവത്തിൽ എല്ലാ മനുഷ്യർക്കും വേണ്ടത് ഹൃദയ സമാധാനമാണല്ലൊ.

Cecil Rhodes സൗത്ത് ആഫ്രിക്കയിൽ പര്യവേഷണത്തിന് പോയ വ്യക്തിയായിരുന്നു. അദ്ദേഹം അവിടെ ഒട്ടേറെ diamonds ശേഖരിക്കുകയുണ്ടായി. അമ്പതു വയസ്സു പ്രായം ഉള്ളപ്പോൾ അദ്ദേഹം മരിച്ചു. അദ്ദേഹത്തിന്റെ അവസാന വാക്കുകൾ ഇങ്ങിനെയായിരുന്നു: "So little done, so much to do." “കുറച്ചേ നിവർത്തിച്ചുള്ളൂ. ഒട്ടേറെ നിവർത്തിക്കാനുണ്ട്”. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ നാം അനുഭവിക്കുമെങ്കിൽ ജീവിതാന്ത്യത്തിൽ ഒരിക്കലും നിരാശയോടെ, ഇനിയുമേറെ നിവർത്തിക്കാനുണ്ടല്ലോ എന്നുള്ള പരിദേവനത്തോടെ കഴിയേണ്ടി വരില്ല.

Dr. G. Campbell Morgan അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉണ്ടായ ഒരു അനുഭവത്തെപ്പറ്റി വിവരിച്ചിട്ടുണ്ട്. ആത്മീയ ജീവിതത്തിന്റെ പ്രാരംഭ കാലത്ത് Morgan അനേകം സ്ത്രീകളെ ആഴ്ചയിലൊരിക്കൽ സന്ദർശിച്ച് ബൈബിൾ വായിച്ച് കേൾപ്പിക്കാറുണ്ടായിരുന്നു. ഒരിക്കൽ വിശുദ്ധ മത്തായിയുടെ സുവിശേഷം അവസാന ഭാഗം ഇങ്ങനെ വായിച്ചു: "So, I am with you always, even unto the end of the world" “ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോട് കൂടെ ഉണ്ട്”. ഈ വാക്യം വായിച്ചിട്ട് അദ്ദേഹം പറഞ്ഞു: “ഇതൊരു അത്ഭുതകരമായ വാഗ്ദത്തമല്ലെ?” അ പ്പോൾ ആ സ്ത്രീകളിൽ ഒരാൾ ചാടി എഴുന്നേറ്റിട്ടു പറഞ്ഞു: " It is not a promise; it is a fact." “അതൊരു വാഗ്ദത്തമല്ല; ഒരു വസ്തുതയാണ്; അതൊരു സത്യമാണ്.”

സുപ്രസിദ്ധ താത്വികാചാര്യനും നിരീശ്വരനുമായിരുന്ന Robert Ingersoll ഒരിക്കൽ ട്രെയിനിൽ വച്ച് സാഹിത്യകാരനായിരുന്ന Lew Wallace-നെ കണ്ടുമുട്ടി. സംസാരമദ്ധ്യേ ല്യൂ വാലസ് ക്രിസ്തുവിനെക്കുറിച്ചും ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിനെക്കുറിച്ചും പറയാനിടയായി. എന്നാൽ ഇംഗർസോൾ ല്യൂ വാലെസിന്റെ അഭിപ്രായങ്ങളെ എല്ലാം എതിർത്തുകൊണ്ട് ക്രിസ്തു ഒരു മിഥ്യയാണെന്നും ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്നതെല്ലാം ശിഷ്യന്മാർ പ്രചരിപ്പിച്ച കഥകളാണെന്നും ശക്തിയായി വാദിച്ചു. പിരിഞ്ഞപ്പോൾ ഇംഗർസോൾ ല്യു വാലസിനോട് പറഞ്ഞു: “നിങ്ങൾ ഒരു അനുഗൃഹീത സാഹിത്യകാരനാണല്ലൊ. ക്രിസ്തുവിന്റെ ജീവിതം ഒരു മിഥ്യയാണെന്നും യേശുക്രിസ്തുവിന്റെ വാക്കുകൾ എല്ലാം ജനത്തെ തെറ്റായ ദിശയിലൂടെ നയിക്കുന്നതാണെന്നും എല്ലാം

തെളിയിച്ചുകൊണ്ട് ഒരു പുസ്തകം എഴുതൂ. നിങ്ങൾ ഒരു വിശ്രുതനായ സാഹിത്യകാരനായിത്തീരും. ആ പുസ്തകം ഒരു ക്ലാസിക് ആയിരിക്കും." നീണ്ട നാലു വർഷത്തെ പഠനത്തിനുശേഷം ല്യു വാലസ് ഒരു പുസ്തകം രചിക്കാൻ ഇരുന്നു. പക്ഷെ പെട്ടെന്ന് അദ്ദേഹം തറയിൽ മുട്ടുകുത്തി ഏങ്ങലടിച്ചു കരഞ്ഞുകൊണ്ട് ഇങ്ങനെ പ്രാർത്ഥിച്ചു: "യേശുവേ, നാഥാ, ഞാൻ നിന്നെ നിരാകരിക്കാൻ ശ്രമിക്കുമ്പോഴൊക്കെയും നീ എനിക്ക് എത്രയും യാഥാർത്ഥ്യമായിത്തീരുന്നു. നീ ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു എന്ന സത്യം എനിക്ക് അനുഭവമായിത്തീരുന്നു." തുടർന്ന് ല്യു വാലസ് രചിച്ച പുസ്തകമാണ് വിശ്വോത്തര ക്ലാസിക് ആയ "ബെൻഹർ".

ക്രിസ്തു ജീവിക്കുന്നു എന്ന സത്യം ഇന്നും അനേകരുടെ അനുഭവമാണ്. ചില പ്രശ്നങ്ങൾ നമ്മെ വീർപ്പുമുട്ടിക്കുമ്പോൾ, നാം മനം നൊന്തു പ്രാർത്ഥിക്കുമ്പോൾ, ഉള്ളുരുകി കരയുമ്പോൾ, അവൻ നമ്മുടെ അരികിലേക്കു വരുന്നു, നമ്മെ തൊടുന്നു, തലോടുന്നു, നമ്മുടെ കണ്ണുനീർ തുടയ്ക്കുന്നു. വെളിപ്പാട് പുസ്തകത്തിൽ അപ്പൊസ്തലനായ യോഹന്നാൻ പറഞ്ഞു: "സിംഹാസനത്തിൽ ഇരിക്കുന്നവൻ അവർക്ക് കൂടാരമായിരിക്കും. ഇനി അവർക്ക് വിശക്കുകയില്ല, ദാഹിക്കുകയുമില്ല. ദൈവം താൻ അവരുടെ ദൈവമായി അവരോട് കൂടെ ഇരിക്കും. അവൻ അവരുടെ കണ്ണുനീർ എല്ലാം തുടച്ചുകളയും." ഇതെല്ലാം അനുഭവമാണ്. ഈ അനുഭവത്തെ നിരാകരിക്കുന്നവരുണ്ടാകാം. പക്ഷെ ഇതു ജീവിതത്തിന്റെ അനുഭവമാണ്. വാസ്തവത്തിൽ അനുഭവമല്ലേ ക്രിസ്തീയ ജീവിതം? അനുഭവങ്ങളുടെ പരമ്പരയല്ലേ ക്രിസ്തീയ ജീവിതം ?

"Come and see." ക്രിസ്തു യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാരോട് പറഞ്ഞു: "വന്നു കാൺമീൻ." "ഗുരോ അങ്ങ് എവിടെ പാർക്കുന്നു" എന്നാണ് അവർ ചോദിച്ചത്. എവിടെയാണ് പാർപ്പിടം എന്നു പറയാൻ സ്വന്തമായ ഒരു പാർപ്പിടം ക്രിസ്തുവിന് ഉണ്ടായിരുന്നില്ല. അത്ഭുതം തോന്നുന്നു. ഒലിവ് മലയുടെ ചരിവിലുള്ള പാറയുടെ കീഴെയാണ് അവൻ മിക്കവാറും വിശ്രമിച്ചുകൊണ്ടിരുന്നത്.

"Come and see" എന്ന് അവരോട് പറഞ്ഞ ക്രിസ്തു അവസാനം അവരോട് പറഞ്ഞു: "Go and tell". ഉയിർത്തെഴുന്നേല്പിന്റെ സത്യം അനുഭവിക്കുന്നവർ ഉത്സാഹഭരിതരായി ഓടി നടന്നു ക്രിസ്തു ജീവിക്കുന്നു എന്നു പറയേണ്ടതാണ്. ക്രിസ്തു ജീവിക്കുന്നത് എന്തിനു വേണ്ടിയാണ്? ക്രിസ്തു നമ്മുടെ വേദന മാറ്റാൻ ജീവിക്കുന്നു; നമ്മുടെ അകം കഴുകാൻ, നമ്മുടെ ജീവിതം പരിശുദ്ധമാക്കാൻ ജീവിക്കുന്നു; നമ്മുടെ പ്രശ്നങ്ങൾക്കു പരിഹാരം തരാൻ ക്രിസ്തു ജീവിക്കുന്നു.

സുപ്രസിദ്ധ ശാസ്ത്രജ്ഞനായിരുന്ന Michael Faraday-യോട് ശിഷ്യന്മാർ ചോദിച്ചു: "അവസാനമായി ഞങ്ങളോട് എന്താണ് പറയാനുള്ളത്?" അദ്ദേഹം പറഞ്ഞു: "ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നു ഞാൻ അറിയുന്നു. അവൻ എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്ന് ഞാൻ ഉറച്ചുമിരിക്കുന്നു." യേശുക്രിസ്തുവിന്റെ സാന്നിധ്യം അനുഭവിച്ചുകൊണ്ട് അദ്ദേഹം ജീവിച്ചു, മരിച്ചു. ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന ക്രിസ്തുവിനെ അനുഭവിക്കുന്ന വിശുദ്ധന്മാർക്ക് ലഭിക്കുന്ന ആ ഭാഗ്യാനുഭവം ഈ ലേഖനം വായിക്കുന്ന ഏവർക്കും ലഭിക്കട്ടെ എന്നു ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. ◎

യുവലോകം - 63

ഫാ. ഡോ. തോംസൺ റോബി



"ഉയരങ്ങളിലേക്ക് പറക്കുക"

"Education is the instrument that gives you wings to fly. Only when your subconscious mind says 'I will win' and you can reach your goal, does it become a reality" "ഉയരത്തിൽ പറക്കുവാൻ ആഗ്രഹിക്കുന്നവന് ജീവിതം കണ്ടെത്താൻ കഴിയും" എന്ന ചിന്ത ഇന്ത്യയുടെ പ്രഥമപൗരനായിരുന്ന ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റേതാണ്. തന്റെ സ്വപ്നവും നിശ്ചയദാർഢ്യവും ആണ് കലാമിനെ ലോകപൗരനായി ഉയർത്തിയത്. രാമേശ്വരത്ത് ജനിച്ച ഒരു സാധാരണ ബാലന്റെ ജീവിതത്തെ ഉയരത്തിലെത്താൻ സഹായിച്ചത് "ഞാൻ ജയിക്കും" എന്ന മന്ത്രമാണ്.

സ്വപ്നങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും കണ്ടെത്തുന്നവരാണ് മഹാരഥന്മാർ. ബൾബ് പ്രകാശിക്കുമ്പോൾ തോമസ് ആൽവാ എഡിസനേയും, വിമാനത്തിൽ കയറുമ്പോൾ റൈറ്റ് ബ്രദേഴ്സിനേയും, ടെലിഫോൺ വിളിക്കുമ്പോൾ ഗ്രഹാം ബെല്ലിനേയും, ഗുരുത്വാകർഷണം എന്നു പറയുമ്പോൾ ന്യൂട്ടനേയും മറ്റും ഓർക്കുന്നത് ഇത്തരത്തിലുള്ള നിശ്ചയദാർഢ്യത്തിന്റെ ഫലമായാണ്. എനിക്കു കഴിയും എന്ന ഉറപ്പാണ് അവരെ ഇത്തരത്തിലുള്ള കണ്ടുപിടുത്തങ്ങൾക്ക് പ്രേരിപ്പിച്ചത്. മഴപെയ്യുമ്പോൾ എല്ലാ പക്ഷികളും താഴേക്ക് പറന്നുവന്ന് മഴയിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്നു; പക്ഷേ, പരുന്ത് ഉയരത്തിലേക്ക് പറന്ന് മഴയ്ക്കു മുകളിൽ പോകാൻ ശ്രമിക്കും. ഇതുപോലെയാണ് വിജയത്തിലേക്ക് പറന്നവർ.

ചത്ത മീൻ ഒഴുക്കിനൊത്തു നീങ്ങും. എന്നാൽ ജീവനുള്ള മീനുകൾ ഒഴുക്കിനെതിരെ നീന്തും. ജീവനുള്ളവരാകണമെങ്കിൽ നമുക്ക് പ്രതിസന്ധികളെ തരണം ചെയ്യാനാകണം. "I will fly" എന്നു പറയാൻ തക്കവണ്ണം നമുക്ക് ചിറക് നല്കുന്നത് വിദ്യാഭ്യാസമാണ്. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇന്ന് യുവലോകം ബോധവാന്മാരാണെങ്കിലും ചില യുവതീയുവാക്കൾ അത് വിസ്മരിക്കുന്നു. നാം നാമായി മാറാൻ അജ്ഞാനാന്ധകാരം മാറണം. ഇരുട്ടിനെ നീക്കി മനുഷ്യ നെ വെളിച്ചത്തിലേക്ക് നയിക്കുന്ന ശക്തി വിദ്യാഭ്യാസവും അറിവും ആണ്. ഓരോ വ്യക്തിയും അവരവരുടെ മണ്ഡലത്തിൽ അറിവുള്ളവരാണ്. എങ്കിലും ചിലർ വിദ്യ അഭ്യസിച്ചാലും നിരക്ഷരരുടെ പ്രവൃത്തി തുടരുന്നതിനു കാരണം അറിവില്ലായ്മയല്ല മറിച്ച് സ്വയത്തിലുള്ള അമിതമായ വിശ്വാസമാണ്. അറിവ് എന്നു പറയുന്നത് ക്രിയാത്മകതയുടെയും, നീതിയുടെയും ധൈര്യത്തിന്റെയും കൂടിച്ചേരലാണ് എന്ന് കലാം പറയുന്നു.

ക്രിയാത്മകത എന്നത് ചിന്തയുടെ ഫലമാണ്. "Knowledge makes you great" എന്നു പറയാറുണ്ട്. മനുഷ്യൻ മഹാനാകുന്നത് അവന്റെ സൃഷ്ടിപരമായ കഴിവിനെ ആശ്രയിച്ചാണ്. **നീതിബോധം** എന്നത് ദൈവികദാനമാണ്. "ഹൃദയത്തിൽ നീതിബോധമുണ്ടായാൽ സ്വഭാവത്തിൽ മനോഹാരിത ഉണ്ടാകും. സ്വഭാവത്തിൽ സൗന്ദര്യമുണ്ടാ

യാൽ കുടുംബത്തിൽ ഐക്യം ഉണ്ടാകും. കുടുംബത്തിൽ ഐക്യം ഉണ്ടായാൽ രാജ്യത്തിൽ ഐക്യം ഉണ്ടാകും. രാജ്യത്തിൽ ഐക്യം ഉണ്ടായാൽ ലോകത്തിൽ സമാധാനം ഉണ്ടാകും" എന്ന് കലാം പഠിപ്പിക്കുന്നു. ക്രിയാത്മകതയും നീതിബോധവും ഒരുവനെ **ധൈര്യശാലി** ആക്കുന്നു. ധൈര്യം എന്നാൽ, "കണ്ടെത്താത്ത വഴികളിലൂടെയുള്ള യാത്രയാണ്, അത് അസാധ്യതകളുടെ കണ്ടെത്തലാണ്. സങ്കീർണ്ണമായ പ്രശ്നങ്ങളുടെ പരിഹാരമാണ്. അത് യുവാക്കൾക്ക് വിജയം കണ്ടെത്താനുള്ള മന്ത്രമാണ്."


ഉയരത്തിലേക്ക് പറക്കാൻ തക്ക ചിറകുകൾ ഉണ്ടാകാൻ നമ്മെ സഹായിക്കുന്നത് ക്രിയാത്മകമായ ചിന്തകളും, നീതിപൂർവ്വമായ ആലോചനകളും അത് നടപ്പിലാക്കാനുള്ള ധൈര്യവുമാണ്. ഇത്തരത്തിൽ ചിന്തിക്കുമ്പോഴാണ് ഒരുവൻ നല്ല മനുഷ്യനായി, നല്ല പൗരനായി തീരുന്നത്. ഇന്ന് ഇതിനെല്ലാം അപവാദമായി, സൃഷ്ടിപരമായ ചിന്തകൾ ചില യുവമനസ്സുകളിൽ ഇല്ല എന്നതാണ് നാം കാണുന്നത്. കൂട്ടുകാരന്റെ നെഞ്ചിൽ കത്തി കുത്തിയിറക്കാനും, ഭാര്യയെ കൊന്ന് കാമുകിയോടൊപ്പം ജീവിതം ആസ്വദിക്കാനും, കാമുകിയെ പെട്രോൾ ഒഴിച്ച് കത്തിക്കുവാനും, പിഞ്ചു കുഞ്ഞുങ്ങളേയും സ്ത്രീകളേയും പീഡിപ്പിച്ച് കൊന്നു കളയുവാനും കഴിയുന്ന കഠിനഹൃദയങ്ങൾക്ക് ഉടമകളായി യുവാക്കൾ മാറുന്ന കാഴ്ച വേദനാജനകമാണ്. നീതിപൂർവ്വമായി ചിന്തിക്കുവാനും മറ്റുള്ളവരെ തന്നെപ്പോലെ കാണുവാനും യുവാക്കൾക്കും മുതിർന്നവർക്കും കഴിയുന്നില്ല.

"വികൃതജീവിയായ ജലജീവിയിൽ നിന്നോ, പുഴുവിൽ നിന്നോ പൂഞ്ചിറകണിഞ്ഞ ഒരു പൂമ്പാറ്റയെ ദൈവം പുറപ്പെടുവിക്കുമെങ്കിൽ തന്റെ മക്കളായ മനുഷ്യരിൽ നിന്ന് സുന്ദരവും പ്രയോജനപ്രദവുമായ എത്രവളരെ നന്മകൾ പുറപ്പെടുവിക്കാതിരിക്കുകയില്ല" എന്ന് വിശ്വോത്തര ചലച്ചിത്ര നിർമ്മാതാവായ സിസിൽ ബി. ഡിമെൽ പറയുന്നു. അദ്ദേഹത്തിൽ നിന്നും മനുഷ്യരാശിയെ നന്മയിലേക്ക് നയിക്കുവാൻ പര്യാപ്തമായ അനേകം ചലച്ചിത്രങ്ങൾ പൂഞ്ചിറകണിഞ്ഞു പുറത്തുവന്നത് ഈ ചിന്തയുടെ ഫലമായാണ്. **മനുഷ്യനെ മൂടിയിരിക്കുന്ന വികൃതമായ ആവരണങ്ങൾക്കുള്ളിൽ വിജയത്തിന്റെ ഉന്നതവിഹായസ്സിലേക്ക് പറന്നുയരാൻ ശക്തിയുള്ള പൂഞ്ചിറകുകൾ ഒളിഞ്ഞു കിടപ്പുണ്ടെന്നുള്ള സത്യം പലപ്പോഴും നാം ഓർക്കാറില്ല.** ഈ യാഥാർത്ഥ്യം മനസ്സിലാക്കാത്തവരാണ് തളർന്നു വീണു പോകുന്നത്.

"I will fly high" ഞാൻ ഉയരത്തിൽ പറക്കും എന്ന കലാമിന്റെ ചിന്ത യുവജനങ്ങളുടെ മനസ്സിലുണ്ടാകണം. 'എബി' എന്ന സിനിമയിലെ നായകനായ കഥാപാത്രത്തെപ്പോലെ, 'പറക്കുക' എന്ന ലക്ഷ്യം നിറവേറ്റുവാനായി നല്ല അറിവുണ്ടാകണം; അത് സൃഷ്ടിപരവും, നീതിപൂർവ്വമായതും, ധൈര്യത്തിലധിഷ്ഠിതവുമായിരിക്കണം. ചക്രവാളങ്ങളെ ഭേദിച്ച് ചന്ദ്രയാനും, മംഗളയാനും ഉയർന്നു പൊങ്ങുന്ന ഇന്നത്തെ ലോകത്ത് യുവാക്കളുടെ അറിവും ചിന്തയും പുതിയ നാളെയെ സ്വപ്നം കാണുവാനായിരിക്കണം. ചിറകുകൾ നമ്മിൽത്തന്നെയുണ്ട്; അത് തിരിച്ചറിയണം. ആ ചിറകുകൾ പറക്കാനുള്ളതാണെന്ന തിരിച്ചറിവും നമുക്കുണ്ടാകണം. അതിനുള്ള അഭ്യാസമായി നമ്മുടെ 'വിദ്യാഭ്യാസം' മാറണം. ഒരു പുതിയ യുഗം ആരംഭിക്കുവാൻ, പറന്ന് ഉയരങ്ങളിലെത്തുവാൻ നമ്മുടെ അറിവും വിദ്യയും ഇടയാക്കട്ടെ. ◎

ഇതൾ - 10

ഫാ. നോബിൻ ഫിലിപ്പ്



വീട്ടിലേക്കൊരു ചിന്ത

ഈ ലോക്ഡൗൺ കാലത്ത് കാണുന്ന ഏറ്റവും നല്ല ഒരു കാഴ്ച മനുഷ്യരെല്ലാം തങ്ങളിൽ മറഞ്ഞുകിടന്ന കഴിവുകളും വിഭവശേഷിയും അറിവുകളും വീണ്ടും പുറത്തെടുക്കുവാൻ പരിശ്രമിക്കുന്നു എന്നുള്ളതാണ്. പാചകവും വാചകവും കൃഷിയും കലയും സംഗീതവും അഭിനയവും എല്ലാം സമൂഹ മാധ്യമങ്ങളിലൂടെ പങ്കുവയ്ക്കപ്പെടുന്നു. പലപ്പോഴും തിരക്കുകളും സമയമില്ലായ്മയും പ്രദർശനവേദിയുടെ ദൗർലഭ്യവും നമ്മുടെ ഈ കഴിവുകൾക്ക് തടസ്സമായിരുന്നെങ്കിൽ ഇന്ന് നമുക്ക് ഏറെ സമയമുണ്ട്, പ്രോത്സാഹനങ്ങളുണ്ട്, അഭിപ്രായങ്ങൾ ഉണ്ട്. ഇത് ഒരു നല്ല കാര്യമാണ്. എല്ലാവരും പരസ്പരം ശ്രദ്ധിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും തുടങ്ങിയിരിക്കുന്നു. ഈ ബന്ധം മനുഷ്യന്റെ എല്ലാ നിലയിലുമുള്ള വളർച്ചക്ക് ആവശ്യമാണ്.

നിരാശ നിറഞ്ഞ വ്രണിതഹൃദയവുമായി രാത്രി വീട്ടിൽ മടങ്ങിയെത്തിയ യുവ എഴുത്തുകാരൻ തന്റെ രചനയുടെ കൈയെഴുത്തു പ്രതി ചവറ്റുകുട്ടയിലേക്കെറിഞ്ഞു; അത് അയാളുടെ അവസാന പ്രതീക്ഷ ആയിരുന്നു; പ്രസാധകൻ അയാളെ കൈയൊഴിഞ്ഞിരിക്കുന്നു. എഴുത്തുകാരന്റെ ഭാര്യ ആ കൈയെഴുത്തുപ്രതി ചവറ്റുകുട്ടയിൽ നിന്ന് തിരികെ എടുത്ത് ചുരുളുകൾ നിവർത്തി വൃത്തിയാക്കി. തന്റെ ഭർത്താവിന്റെ കഴിവുകളിൽ അവൾ അങ്ങേയറ്റം വിശ്വാസം പുലർത്തിയിരുന്നു. പിറ്റേദിവസം പ്രഭാതഭക്ഷണം കഴിച്ചുകൊണ്ടിരുന്ന എഴുത്തുകാരന്റെ മുമ്പിലേക്ക് ഭാര്യ കൈയെഴുത്തുപ്രതി നീക്കിവച്ചു. എന്നിട്ട് പറഞ്ഞു: “നോക്കൂ, ദയവായി നിങ്ങൾ പിന്തിരിയരുത്. ഈ ലോകത്തിന് നൽകുവാൻ നിങ്ങളുടെ പക്കൽ ധാരാളം വിഭവങ്ങൾ ഉണ്ട്. എനിക്കുറപ്പുണ്ട്, ഇത് പ്രസിദ്ധീകൃതമാകും.”

ആ എഴുത്തുകാരൻ നോർമൻ വിൻസന്റ് പീൽ ആയിരുന്നു; ആ കൈയെഴുത്തു പ്രതിയാകട്ടെ, "The Power of Positive Thinking'' എന്നതും. പ്രചോദനം നൽകുന്ന പുസ്തകങ്ങളുടെ ഇടയിൽ ചരിത്രം തിരുത്തിക്കുറിച്ച ഒരു ക്ലാസിക്ക് രചനയായി അത് മാറി.

നമ്മുടെ ഒരു ചെറു പ്രോത്സാഹനം മറ്റുള്ളവരിലും നമ്മിൽതന്നെയും വലിയ മാറ്റങ്ങൾ സൃഷ്ടിക്കും. നമുക്കും പരസ്പരം കൂടുതൽ ശ്രദ്ധ കൊടുക്കാം. നമ്മിലേക്കും ഒന്ന് ശ്രദ്ധ വയ്ക്കാം. ദൈവം തന്നതിനെ എല്ലാം പരിപോഷിപ്പിക്കാം - താലന്തുകളും ബന്ധങ്ങളും കുടുംബവും പ്രകൃതിയുമെല്ലാം. ◎

"How you think about a problem is more important than the problem itself. So always think positively."

- Normen Vincent Peale

ഓർമ്മയുടെ ഓളങ്ങളിൽ

എം. ജി. കുരുവിള

മണ്ണാറപ്രായിലച്ചൻ

കേരളത്തിലെ, പ്രത്യേകിച്ച് ആലുവായിലെയും സമീപപ്രദേശങ്ങളിലെയും സാമൂഹ്യസാംസ്കാരിക മണ്ഡലങ്ങളിൽ നിറസാന്നിദ്ധ്യമായിരുന്ന വന്ദ്യ ഡോ. ജേക്കബ് മണ്ണാറപ്രായിൽ കോർ-എപ്പിസ്കോപ്പാ ദിവംഗതനായിട്ട് ഈ മെയ് മാസം 13-ന് ഒരു വർഷം തികയുന്നു. പക്ഷേ, ആലുവാക്കാരുടെയും നമ്മുടെയും മനസ്സിൽ മണ്ണാറപ്രായിലച്ചൻ എന്നും നിറഞ്ഞു നിൽക്കും.



മദ്യത്തിന്റെ മാസ്മരിക ലഹരിയിൽ ഭരണക്കാർ തഴയ്ക്കുകയും നാടു നശിക്കുകയും ചെയ്യുന്ന ഇക്കാലത്ത്, മദ്യാസക്തിയ്ക്കും മദ്യവ്യാപനത്തിനുമെതിരായി സധൈര്യം പ്രവർത്തിക്കുക മാത്രമല്ല, മദ്യവർജ്ജനപ്രവർത്തനങ്ങളിൽ ഒരു അദമ്യ ശക്തിയായി അദ്ദേഹം നേതൃത്വം നൽകുകയും ചെയ്തു. യേശുക്രിസ്തു തലയും സഭ തന്റെ ശരീരവുമാണെന്നു പ്രസംഗിക്കുമ്പോൾത്തന്നെ പരസ്പരം പോരാടുന്ന അവയവങ്ങളായ വിവിധ ക്രൈസ്തവ സഭാവിഭാഗങ്ങളെ ഒരു കുടക്കീഴിൽ നിർത്തുവാൻ അദ്ദേഹം കെ. സി. സി., വൈ. എം. സി. എ. എന്നീ പ്രസ്ഥാനങ്ങളിൽ അന്ത്യം വരെ സജീവമായി പ്രവർത്തിച്ചു.

മലങ്കരസഭാ വഴക്കിന്റെ ദുരന്തസ്മാരകമായി 40 വർഷം പൂട്ടിക്കിടന്ന ആലുവാ തൃക്കുന്നത്ത് സെമിനാരി കേരളാ ഹൈക്കോടതി വിധിയുടെ ഫലമായി ഓർത്തഡോക്സ് വിഭാഗത്തിനു തുറന്നു കിട്ടിയപ്പോൾ മണ്ണാറപ്രായിലച്ചൻ 37-ൽ പരം വർഷങ്ങൾ സെമിനാരിക്കു നൽകിയ പ്രബുദ്ധമായ നേതൃത്വത്തെ എല്ലാവരും അനുസ്മരിക്കുകയുണ്ടായി. പാത്രിയർക്കീസ് വിഭാഗത്തിൽനിന്ന് ഓർത്തഡോക്സ് വിഭാഗത്തിലേക്കു കടന്നുവന്ന് ദീർഘകാലം സമുന്നത സ്ഥാനങ്ങൾ അലങ്കരിച്ച അച്ചൻ ഇന്ന് ഓർത്തഡോക്സ് - യാക്കോബായ വിഭാഗങ്ങളുടെ യോജിപ്പിനായി ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്നുണ്ടാവണം. ഒരു കോർ-എപ്പിസ്കോപ്പായായിട്ടും നാട്ടുകാർ സ്നേഹപൂർവ്വം അച്ചനെന്നു വിളിച്ചിരുന്ന മണ്ണാറപ്രായിലച്ചന് ഈ ഓർമ്മദിവസത്തിൽ ആലുവാ ഫെലോഷിപ്പ് ഹൗസിന്റെ ആദരാഞ്ജലികൾ. ◎

Statement about Ownership and Particulars about Church Weekly (See Rule 8)

1.	Place of Publication	: Alwaye Fellowship House
2.	Periodicity of its publication	: Monthly
3.	Printer's Name	: Kuruvilla M. George
	Nationality	: Indian
	Address	: The Alwaye Fellowship House, U.C. College P.O., Aluva – 683102
4.	Publisher's Name	: Kuruvilla M. George
	Nationality	: Indian
	Address	: The Alwaye Fellowship House, U.C. College P.O., Aluva – 683102
5.	Editor's Name	: Kuruvilla M. George
	Nationality	: Indian
	Address	: The Alwaye Fellowship House, U.C. College P.O., Aluva – 683102
6.	Name and address of individuals who own the newspaper and partners or shareholders holding more than one per cent of the total capital	: The Alwaye Fellowship House Association

I, Kuruvilla M. George, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Kuruvilla M. George
(Printer & Publisher)

Discourse

Alwin Alexander



A Derridian Epistemology of Faith

Knowledge is foundational and not detrimental to faith. The Lord himself affirms this in his high priestly prayer: "Now this is eternal life: that they know you, the only true God, and Jesus Christ, whom you have sent" (John 17: 3 NIV). The word *know* means more than rational acknowledgement. The Greek word *ginosko* translated as *know* implies a very intimate union. Such an intimate knowledge of God/Christ gives/is eternal life. The implication is not an intellectual assent but an experiential reality. It is not cogitative but meditative; not merely physical but also metaphysical.

The epistemology of faith is a derivative of communion. Such a close relationship is possible only with/among living beings and not the dead or the ideational. Therefore an abstraction of God or a concept of Christ as physically dead and notionally resurrected cannot sustain the epistemology of faith. A tangibility of knowledge is absent here. Hence it is/they are susceptible to "be tossed and blown about by every wind of new teaching" (Eph. 4:14) or idea or the latest fad. Here faith changes when ideas alter/are challenged. But the truth of bodily resurrection of Christ goes beyond ideas. Knowledge becomes tangible in resurrection. Intimacy becomes palpable with Christ as He is "the visible image [icon] of the invisible God" (Col. 1:15 NIV).

Conviction about this resurrection is a gift of the Holy Spirit. He instils trust in the bodily resurrection of the Lord. No amount of rational proof will convince a man conclusively about the truth of resurrection. Conviction comes from the Spirit. God makes the resurrection life of Christ operational in our physical bodies in this world through His Spirit (Rom. 8: 11). Such a manifestation of resurrection of life in our bodies here will indisputably make the truth of resurrection of Christ real to us. This realization is sustained and fortified only as we "by the Spirit...put to death the misdeeds of the body" (Rom. 8: 13 NIV).

